**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 337** — **06-03-2023 - ൽ മറുപടിയ്ക്ക്**

**ധനദൃഢീകരണത്തിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്രനയങ്ങളും നടപടികളും സംസ്ഥാനത്തിന് തിരിച്ചടിയായിട്ടും കരുതലും വികസനവും എന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം ഭംഗമില്ലാതെ കൊണ്ടുപോകുന്നതിനും ധനദൃഢീകരണത്തിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര കൈമാറ്റത്തിൽ വന്നിട്ടുള്ള ഭീമമായ കുറവും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന് അർഹതപ്പെട്ട വായ്പാ പരിധിയിൽ ഗണ്യമായ വെട്ടിക്കുറവ് വരുത്തുന്ന കേന്ദ്ര നടപടിയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ടെന്നത് വസ്തുതയാണ്. മേൽ പ്രതിസന്ധി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുമുള്ള നടപടികളിലൂടെ മറികടക്കുവാനാണ് സർക്കാർ ശ്രദ്ധിച്ചുപോരുന്നത്. ഇതോടൊപ്പം, സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയെന്നതും ധനദൃഢീകരണം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമാണ്. ഇതിന്റെ തുടർച്ചയായാണ് ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മൂലധന ചെലവിനോടൊപ്പം വികസന ചെലവുകളും ക്ഷേമ പദ്ധതികളും സംസ്ഥാനത്തിന് ദേശീയ ശരാശരിയെക്കാളും ഉയർന്ന സാമ്പത്തിക വളർച്ച കൈവരിക്കുന്നതിന് എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | ഉല്പാദന മേഖലയിലെ ത്വരിത വളർച്ച പ്രധാന ഘടകമായി വർത്തിച്ചതിന്റെ ഫലമായാണ് 2021-22 –ൽ സംസ്ഥാനത്തിന് 12.01 % (സ്ഥിരവിലയിൽ) സാമ്പത്തിക വളർച്ച കൈവരിക്കുവാൻ സാധിച്ചിട്ടുള്ളത്. കാർഷിക അനുബന്ധ മേഖലയിൽ 6.7 % ഉം വ്യാവസായിക അനുബന്ധ മേഖലയിൽ 17.3 % ഉം വളർച്ചാ നിരക്ക് |

| | | | |
|---|---|---|---|
| | | | കൈവരിക്കുവാൻ സാധിച്ചതും വ്യാവസായിക മേഖലയ്ക്കുള്ളിലെ ഉല്പന്ന നിർമ്മാണ മേഖലയിൽ 18.9 % വളർച്ചാ നിരക്ക് നേടുവാൻ കഴിഞ്ഞതും മൂലധന/ വികസന ചെലവുകളിലൂടെയും ബന്ധപ്പെട്ട മേഖലകളുടെ restructuring –നായി സർക്കാർ സ്വീകരിച്ച നയപരമായ ഇടപെടലുകളിലൂടെയാണ്. ഒരു ഉപഭോക്തൃ സമ്പദ്‌വ്യവസ്ഥയെന്ന നിലയിൽ ജനങ്ങളുടെ വാങ്ങൽ ശേഷി നിലനിർത്തുന്നതിൽ സർക്കാർ പ്രത്യേക ഊന്നൽ നൽകി നടത്തിയ ക്ഷേമ പ്രവർത്തനങ്ങളുടെ കൂടി ഫലമായാണ് പ്രതികൂല സാഹചര്യത്തിലും ഗണ്യമായ സാമ്പത്തിക വളർച്ച നേടുവാൻ കഴിഞ്ഞിട്ടുള്ളത്. |
| (സി) | നടപ്പ് സാമ്പത്തികവർഷം വിവിധ ക്ഷേമ പെൻഷനുകൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും 2015-16 വർഷം ഈ ഇനങ്ങൾക്കായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും അറിയിക്കാമോ? | (സി) | വിവിധ ക്ഷേമ പെൻഷനുകൾക്കായി നടപ്പ് സാമ്പത്തികവർഷം 11101.92 കോടി രൂപയും 2015-16 സാമ്പത്തികവർഷം 3675.16 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ